അഭിപ്രായമാണ് പൊതുവിൽ ഉയർന്നുവന്നത്. പരിസ്ഥിതിക്ക് ദൂഷ്യമുണ്ടാക്കാത്ത രീതിയിൽ, ഉപാധികളോടെ ഖനനം നടത്താമെന്നുള്ള പൊതു അഭിപ്രായം ചർച്ചയിൽ ഉണ്ടായി. കൂടാതെ വിദഗ്ദ്ധ ശാസ്ത്രജ്ഞൻമാർ ഉൾപ്പെട്ട മൂന്നു കമ്മിറ്റികളും ഇവിടെ ഉപാധികളോടെ കരിമണൽ ഖനനം നടത്താം എന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്. ശാസ്ത്രീയമായി വിശകലനം ചെയ്ത് കണ്ടെത്തിയ കാര്യങ്ങളാണ് വിദഗ്ദ്ധ സമിതികളുടെ ശുപാർശയിലുള്ളത്. ശാസ്ത്രീയമായ മാനദണ്ഡങ്ങളും നിയമപരമായ നിലപാടും വിശദമായി പരിശോധിച്ചശേഷം സർക്കാർ ഇക്കാര്യത്തിൽ യുക്തമായ തീരുമാനം എടുക്കുന്നതാണ്.

(ഇ) ശാസ്ത്രജ്ഞൻമാർ ഉൾപ്പെട്ട മൂന്നു കമ്മിറ്റികൾ വേണ്ടത്ര പഠനങ്ങൾക്ക് ശേഷം ഉപാധികളോടെ ഇവിടെ കരിമണൽ ഖനനം അനുവദിക്കാമെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്. വിശദമായ പരിശോധനയ്ക്കുശേഷം സർക്കാർ ഇക്കാര്യത്തിൽ യുക്തമായ തീരുമാനം എടുക്കുന്നതാണ്.

വൈക്കം താലൂക്കിലെ കരമണൽ ഖനനം തടയാൻ നടപടി

138 [1314] *പ്രൊഫ. കെ. വി. തോമസ്:*

ശ്രീ. ബി. വിജയകുമാർ:

„ *ജി. പ്രതാപവർമ്മ തമ്പാൻ:*

„ *വർക്കല കഹാർ:*

„ *കെ. സി. ജോസഫ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം താലൂക്കിൽ കരമണൽ ഖനനം നടക്കുന്നുണ്ടോ;

(ബി) ഇതുമൂലം പ്രസ്തുത താലൂക്കിൽ ഭൂമിയിൽ അഗാധഗർത്തങ്ങൾ രൂപം കൊണ്ടിട്ടുണ്ടോ;

(സി) മണലെടുത്തശേഷം കുഴിമൂടണമെന്ന വ്യവസ്ഥയുണ്ടെങ്കിലും അതനുസരിച്ച് പ്രവർത്തിക്കുന്നുണ്ടോ;

(ഡി) മണലെടുപ്പുമൂലം കരയിൽ ഉണ്ടാകുന്ന ഗർത്തങ്ങൾ അപകടം ക്ഷണിച്ചുവരുത്തുമെന്നതിനാൽ കരയിൽ നിന്ന് മണലെടുക്കുന്നത് തടയാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) കരമണൽ ഖനനംമൂലം താലൂക്കിൽ രൂപം കൊണ്ടിട്ടുള്ള ഗർത്തങ്ങളും മറ്റുപാരിസ്ഥിതിക പ്രശ്നങ്ങളും മൈനിംഗ് ആൻറ് ജിയോളജി വകുപ്പ് പഠനം നടത്തി വിലയിരുത്തിയശേഷം, പല നിബന്ധനകളോടുകൂടിയാണ് കരമണൽ ഖനനത്തിന് അനുവാദം നൽകുന്നത്. ഇതിൽ സുപ്രധാനമായ ഒന്നാണ് ഖനനംമൂലം രൂപപ്പെട്ടിട്ടുള്ള ഗർത്തങ്ങൾ ഖനനാനുമതി കിട്ടിയ ആൾ പൂർണ്ണരൂപത്തിൽ അടയ്ക്കേണ്ടതാണെന്നുള്ളത്. അടുത്ത പെർമിറ്റ് നൽകണമെങ്കിൽ എടുത്ത കുഴികൾ നികത്തിയിരിക്കണം. നികത്താത്തവരുടെ പേരിൽ റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നടപടികൾ എടുക്കുവാൻ മുൻകൈ എടുക്കുന്നുണ്ട്.

(സി) മണൽ എടുത്ത മുറയ്ക്ക് കുഴികൾ മൂടുന്ന പ്രക്രിയകൾ നടന്നു വരുന്നുണ്ട്. ഇത് വളരെ കർശനമായി നടപ്പിലാക്കുന്നുണ്ട്.

(ഡി) മണലെടുപ്പുമൂലം കരയിൽ ഉണ്ടാകുന്ന ഗർത്തങ്ങൾ അപകടം വരുത്തിവെയ്ക്കും എന്നുള്ളതിനാലും, നിയമപ്രകാരം ഖനനം ചെയ്തശേഷം ഉണ്ടാകുന്ന കുഴികൾ അടയ്ക്കേണ്ടതുണ്ട് എന്നതിനാലും, കരമണൽ ഖനന പ്രക്രിയയ്ക്ക് കൂടുതൽ നിബന്ധനകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇത് കർശനമായി തുടരും. പുതിയ പെർമിറ്റുകൾ ഈ നിബന്ധനകൾക്ക് വിധേയമായേ നൽകുകയുള്ളൂ. കൂടാതെ പാരിസ്ഥിതിക പ്രശ്നങ്ങൾ വിലയിരുത്തിയശേഷമേ ഖനനാനുമതി നൽകുകയുള്ളൂ.

കേരള മിനറൽ ആന്റ് മെറ്റൽസ് ലിമിറ്റഡിൽ യന്ത്രസാമഗ്രികൾ വാങ്ങുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ

139 [1315] *ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:*

ശ്രീ. കെ. കെ. ജയചന്ദ്രൻ:

" *ടി. പി. രാമകൃഷ്ണൻ:*

" *സാജു പോൾ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മിനറൽ ആന്റ് മെറ്റൽസ് ലിമിറ്റഡിന്റെ പ്രവർത്തനങ്ങൾ സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly